# e നിനവ്.com

## ഡിജിറ്റൽ മാഗസിൻ

എസ് എം എച്ച് എസ് എസ് അയിലൂർ





S M HIGHER SECONDARY SCHOOL, AYALUR



## ആശംസ

മാറ്റത്തിന്റെ ശംഖൊലി മുഴക്കിക്കൊണ്ട് കേരളത്തിലെ പൊതു വിദ്യാലയങ്ങൾ അടിമുടി മാറി കഴിഞ്ഞു . ഇതിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ ലിറ്റിൽ കൈറ്റ്സിന്റെ വിവിധ പ്രവർത്തനങ്ങൾ നടന്ന് വരുന്നു. കുട്ടികളുടെ സർഗ്ഗവാസനകൾ ലോകത്തിനു മുമ്പിൽ തുറന്നു കാട്ടുന്നതിന് ലിറ്റിൽ കൈറ്റ്സ് വഴിയൊരുക്കുന്നു. സ്കൂൾ മാഗസിൻ കുരുന്നു പ്രതിഭകൾക്ക് ഉള്ള അവസരമാണ്. ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ മാഗസിൻ സ്കൂളിന്റെ മികവാർന്ന പ്രവർത്തനങ്ങൾക്ക് തിളക്കം കൂട്ടുകയാണ്. ഇതിന്റെ പിന്നിലുള്ള എല്ലാ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ആശംസ നേരുന്നു.

U. LIYAKKATH ALIGHAN
HEADMASTER
SMHSS AYALUR

# പത്രാധിപ സമിതി



**U. LIYAKKATH ALIGHAN**
**HEADMASTER**



**ROY K PAUL**
**CHIEF EDITOR**



**M N RAMAPRASAD**
**SITC**



DEEPA RADHAKRISHNAN
JSITC & LK MISTRESS



SAKHI G
LK MISTRESS



RAMSIYA A
EDITOR



ASMA H
DEPUTY EDITOR



SHAMNA A
DEPUTY EDITOR

# എഡിറ്റോറിയൽ

എസ്.എം. ഹൈസ്കൂളിൽ അനുവദിച്ചിട്ടുള്ള ലിറ്റിൽ കൈറ്റ്സിന്റെ സജീവപ്രവർത്തനങ്ങളുടെ ഭാഗമായി ഈ വിദ്യാലയത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങളുടെ ഫോട്ടോസും അതിന്റെ വിവരണവും ഉൾപ്പെടുത്തികൊണ്ട് ഡിജിറ്റൽ മാഗസിൻ പ്രസിദ്ധികരിക്കുന്ന 5 മുതൽ 10 വരെയുള്ള കുട്ടികളുടെ പ്രവർത്തനങ്ങളാണ് ഈ മാഗസിൽ ഉൾപ്പെടുത്തിയിരിക്കുന്നത് . ഈ ഉദ്യമനത്തിലൂടെ പുതിയ തലമുറയിലെ വിദ്യാർത്ഥികൾക്ക് ഉൻമേഷം പകരുന്നതിനും ആധുനിക ലോകത്തേയ്ക്ക് പറന്നുയരാനുള്ള കഴിവ് ഉണ്ടാകട്ടെ എന്ന് പ്രതീക്ഷിക്കുന്നു.

ചീഫ് എഡിറ്റർ


## ഉള്ളടക്കം

1. പരിസ്ഥിതി ദിനാചരണം
2. ലിറ്റിൽ കൈറ്റ്സ് ഉദ്ഘാടനം
3. പാസ്കൽ ദിനാചരണം
4. വായനാ ദിനം
5. ലഹരി വിരുദ്ധ ദിനം
6. പൂമ്പാറ്റ (കവിത)
7. ഹിരോഷിമ നാഗസാക്കി ദിനം
8. കേരള പിറവി ദിനം
9. കേരളം (കവിത)
10. ശിശുദിനം
11. സോപ്പ് നിർമ്മാണം
12. ഗണിത മരം
13. സ്റ്റാർ നിർമ്മാണം
14. മഞ്ഞ പൂമ്പാറ്റ(കവിത)
15 . കാർഗിൽ ദിനം

## ജൂൺ 5
## പരിസ്ഥിതി ദിനം



ജൂൺ 5 ലെ പരിസ്ഥിതി ദിനംവിവിധ പരിപാടികളോടെ ആഘോഷിച്ചു. വിവിധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ പോസ്റ്റർ രചനാമത്സരവും ചിത്രരചനാ മത്സരവും നടത്തി.പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് വിദ്യാലയവും പരിസരവും വൃത്തിയാക്കി . ഞങ്ങളുടെ സ്കൂളിൽ വൃക്ഷതൈകൾ നട്ടുകയും വിദ്യാർത്ഥികൾക്ക് വൃക്ഷതൈകൾ വിതരണം ചെയ്യുകയും ചെയ്തു.







# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഉദ്ഘാടനം






അയിലൂർ എസ്.എം ഹൈസ്കൂളിൽ 2018 ജൂൺ 7-ാം തിയ്യതി ലിറ്റിൽ കൈറ്റ്സിന്റെ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. പ്രധാന അദ്ധ്യാപകൻ ശ്രീ ലിയാഖത്ത് അലീഖാൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. പ്രസ്തുത പരിപാടിയിൽ അദ്ധ്യാപകരായ റോയ് മാസ്റ്റർ,പ്രസാദ് മാസ്റ്റർ,ശാഖി ടീച്ചർ,ദീപ ടീച്ചർ, ശുഭ ടീച്ചർ എന്നിവർ പങ്കെടുത്തു.40 കുട്ടികൾ അടങ്ങുന്ന ഒരു സമിതി രൂപീകരിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചു



ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആദ്യത്തെ ക്ലാസ് ജൂണിൽ ആരംഭിച്ചു .ഗ്രാഫിക്സ് ,അനിമേഷൻ പ്രവർത്തനത്തിന്റെ ഭാഗമായി **gimb inkscape** എന്നീ **software** കളെ കുറിച്ച് കുട്ടികൾക്ക് കൂടുതൽ ധാരണ ലഭിച്ചു . അംഗങ്ങൾ കൂടുതൽ ഉത്സാഹത്തോടെ അവരുടെ അനിമേഷൻ ചിത്രങ്ങൾ നിർമിച്ചു .





# പാസ്കൽസ് ഡേ



പാസ്ക്കൽസ് ത്രികോണം ചാർട്ടിൽ പ്രദർശിപ്പിച്ചു. കുട്ടികളെ ഗണിത അസംബ്ലിക്കായി ചതുരം,ത്രികോണം,ദീർഘചതുരം,വൃത്തം എന്നീ ്രൂപത്തിൽ നിർത്തികൊണ്ട് അസംബ്ലി സംഘടിപ്പിച്ചു. ഗണിത പ്രാർത്ഥനയും ഉൾപ്പെടുത്തിയിരുന്നു.

# വായനാദിനം



June 19 വായനാദിനം വളരെ വിപുലമായി ആചരിച്ചു. പോസ്റ്റർ നിർമ്മാണം നടത്തി. ഏഴാം ക്ലാസ്സിലെ കുട്ടികൾ പി.എൻ.പണിക്കരുടെ ചിത്രം വരച്ച് പോസ്റ്റർ നിർമ്മിച്ചു. പ്രകൃതി വർണന, വായനാമത്സരം, കവിതാലാപനം, കൈയ്യെഴുത്ത് മത്സരം, കഥാരചനാ എന്നിവ തുടർപ്രവർത്തനങ്ങളായി നടത്തി. യഥാക്രമം മത്സരവിജയികൾക്കുള്ള സമ്മാന വിതരണവും നടത്തി.







## ലഹരിവിരുദ്ധ ദിനം

**JUNE 26 ലോക ലഹരിവിരുദ്ധ ദിനത്തോട് അനുബന്ധിച്ച് ഒരു ഫ്ലാഷ് മോബ് കുട്ടികൾ അവതരിപ്പിക്കുകയും അതിലൂടെ ലഹരി വിരുദ്ധ സന്ദേശങ്ങൾ ചാർട്ടിൽ പ്രദർശിപ്പിച്ച് കുട്ടികളിൽ കൂടുതൽ അവബോധം ഉണ്ടായി.**





## പൂമ്പാറ്റ



പൂമ്പാറ്റെ പൂമ്പാറ്റെ
തേൻനുകരുന്നൊരു പൂമ്പാറ്റെ
നിന്നെ ഞാനൊന്ന് തൊട്ടോട്ടെ
ഒരു മുത്തം ഞാൻ തന്നോട്ടെ
നീ എൻ അകലെ പോവരുതെ
നീ എന്റെ സ്വന്തം പൂമ്പാറ്റെ
വർണ്ണ ചിറകുള്ള പൂമ്പാറ്റെ
പൂമ്പൊടി വീശും പൂമ്പാറ്റെ
പൂവിൽ മയങ്ങും പൂമ്പാറ്റെ
എന്നുടെ കൂടെ വരുമോ നീ

വിശാഖ്. വി
5.B



## *ഹിരോഷിമ നാഗസാക്കി ദിനം*

**August 6,9 ഹിരോഷിമ നാഗസാക്കി ദിനാചരണത്തിന്റെ ഭാഗമായി കുട്ടികൾ സഡാക്കോ സസക്കിയുടെ കൊക്കുകളുടെ മാതൃക പേപ്പർ ഉപയോഗിച്ച് നിർമ്മിച്ച് അസംബ്ലിയിൽ പ്രദർശിപ്പിച്ചു . ആ ദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കി.**



# കേരള പിറവി ദിനം

1.10.2018 കേരള പിറവി ദിനത്തിൽ ഫുഡ് ഫെസ്റ്റ് നടത്തി.

പഴയകാല വസ്തുക്കളുടെ പ്രദർശനം നടത്തി അതിലൂടെ പഴയകാല ഉപകരണങ്ങളെക്കുറിച്ചുള്ള അവബോധം കുട്ടികളിൽ ഉണ്ടായി.

ഫുഡ് ഫെസ്റ്റ് ഞങ്ങളുടെ പ്രധാന അധ്യാപകൻ ഉദ്ഘാടനം ചെയ്തു. അവ കുട്ടികളിൽ തന്നെ വിപണനം ചെയ്ത് ചെറിയ സമ്പാദ്യം നേടുവാനുള്ള അവസരം ഒരുക്കി. നാടൻ വിഭവങ്ങളുടെ വൻശേഖരം തന്നെ ഉണ്ടായിരുന്നു.

# കേരളം




കേരളം കേരളം എന്റെ നാട്
കേര വൃക്ഷങ്ങൾ നിറഞ്ഞൊരുനാട്
പട്ടുവിരിച്ച പാടങ്ങളും
അരുവികളുള്ളൊരു നല്ല നാട്
പക്ഷികളുള്ളൊരു നല്ല നാട്
കവികൾ ജനിച്ച കേരള നാട്
കേരളം കേരളം എന്റെ നാട്
കേരളം എന്നടെ സ്വന്തം നാട്

വിശാഖ്. വി
5.B

# NOV – 14 ശിശുദിനം

ശിശുദിനം  വളരെ വിപുലമായി  ആഘോഷിച്ചു. നെഹ്റുവിന്റെ മഹദ് വചനങ്ങൾ

ചാർട്ടിൽ പ്രദർശിപ്പിച്ചു. കുട്ടികൾക്ക് മധുരം വിതരണം ചെയ്തു.






# സോപ്പ് നിർമാണം

സയൻസ് പഠനപ്രവർത്തനവുമായി ബന്ധപ്പെട്ട് നിത്യ ജീവിതത്തിൽ രസതന്ത്രത്തിന്റെ പ്രാധാന്യം മനസ്സിലാക്കുവാനും അതിനോടൊപ്പം മായം ചേർക്കാതെ സോപ്പ് നിർമ്മിക്കുന്നതിനും അത് വിദ്യാർത്ഥികളിൽ തന്നെ മിതമായ നിരക്കിൽ വിറ്റഴിക്കുന്നതിനും കുട്ടികൾ മുൻകൈയെടുത്തു . ഇതിനോടൊപ്പം സോപ്പ് പൊടി, ഫിനോയിൽ എന്നിവ കൂടി നിർമ്മിച്ചു.





# ഗണിത മരം



ഗണിത പഠനം ലളിതമാക്കുവാൻ ക്രിസ്തുമസ് ആഘോഷവേളയിൽ വിവിധ ഗണിതരൂപങ്ങൾ കുട്ടികൾ നിർമ്മിക്കുകയും അവ ക്രിസ്തുമസ് മരം അലങ്കരിക്കുന്നതിനായി ഉപയോഗിക്കുകയും ചെയ്തു. ത്രികോണം,ചതുരം,വൃത്തം,ക്യൂബ്,തുടങ്ങിയ ഗണിത രൂപങ്ങൾ നിർമ്മിക്കാൻ കുട്ടികൾക്ക് അവസരമുണ്ടായി.





# നക്ഷത്രനിർമ്മാണം

കുട്ടികളിലെ കരകൗശല  വസ്തുക്കളുടെ നിർമ്മാണ വൈദഗ്ധ്യം പുഷ്ടിപ്പെടുത്തുന്നതിനായി ഈ വർഷം സംഘടിപ്പിച്ച പേപ്പർ  ക്രാഫ്റ്റ് ക്യാമ്പിൽ വളരെയധികം കുട്ടികൾ പങ്കെടുത്തു. പ്രശംസനീയമായ രീതിയിൽ നിർമ്മിച്ച പേപ്പർ നക്ഷത്രങ്ങളുടെ വിപണനവും കുട്ടികൾ തന്നെ നടത്തി.



# മഞ്ഞ പൂമ്പാറ്റ



മഞ്ഞ നിറത്തിൽ പാറി നടക്കും
മഞ്ഞ പാറ്റേ എങ്ങോട്ടാ?
മഞ്ഞ പൂവിൽ തേൻ നുകരാനായി
പാറി പാറി പോകുന്നോ?
തുള്ളിത്തുള്ളി പാറി പാറി
മഞ്ഞ പാറ്റേ എങ്ങോട്ടാ?
മഞ്ഞ പൂവിൽ പൂമ്പൊടി വിതറാൻ
പാറി പാറി പോകുന്നോ?


അൽഷിയ എസ്

6.A

# ഡിസംബർ 6 കാർഗിൽ വിജയ ദിനം

**കാർഗിൽ വിജയ ദിനം എല്ലാ വർഷത്തെയും പോലെ ഗംഭീരമായി ആചരിച്ചു . കുട്ടികളിൽ ദേശ സ്നേഹം വളർത്തുന്ന പരിപാടികൾ നടത്തി . കാർഗിൽ ജവാന്മാരെ അനുസ്മരിച്ച് ഇന്ത്യയുടെ ഭൂപടത്തിന്റെ രൂപരേഖയിൽ മെഴുകുതിരികൾ തെളിയിച്ചു. മുഖ്യാതിഥിയായ ജവാൻ അബ്ദുൾ നാസർ അവർകളെ ആദരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ അനുഭവങ്ങൾ പങ്കുവച്ചു.**







# നന്ദി

